സ.ഉ.(സാധാ) നം.2498/2023/H&FWD

STATE HEALTH AGENCY
THIRUVANANTHAPURAM
30 SEP 2023

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി 'താലോലം', 'കുട്ടികൾക്കുള്ള കാൻസർ സുരക്ഷ' എന്നീ പദ്ധതികൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി നടപ്പിലാക്കൽ -തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.2498/2023/H&FWD തീയതി,തിരുവനന്തപുരം, 29-09-2023

---

പരാമർശം:-

(1) ബഹു. ധന വകുപ്പ് മന്ത്രിയുടെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 362 -ലെ പ്രഖ്യാപനം.

(2) 25.04.2023 തീയതിയിലെ കേരള സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ കത്ത് നമ്പർ. 264/2022/ എസ് എസ് ഡി /എസ് പി ബി.

(3) 12.09.2023 തീയതിയിലെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത് നമ്പർ എസ്.എച്ച്.എ/157/2023 -എം.ജി.ആർ (ഒ പി എൻ ).

**ഉത്തരവ്**

പരാമർശം (2) ലെ കത്ത് പ്രകാരം പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്ത് മെഡിക്കൽ - അഷ്വറൻസ് വിപുലീകരിക്കുന്നതിനുള്ള ലക്ഷ്യം മുൻ നിർത്തി സാമൂഹ്യ നീതി വകുപ്പും, സാമൂഹ്യ സുരക്ഷാ മിഷനും നടപ്പിലാക്കി വന്നിരുന്ന മെഡിക്കൽ ഇൻഷ്വറൻസ്/അഷ്വറൻസ് പദ്ധതികൾ 2023-24 ബഡ്ജറ്റ് അംഗീകരിച്ചത് പ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി നടപ്പിലാക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് അംഗീകാരം നൽകിയതായി കേരള സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

2. പരാമർശം (3) ലെ കത്ത് പ്രകാരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടർ , 'താലോലം', 'കുട്ടികൾക്കുള്ള കാൻസർ സുരക്ഷ' എന്നീ പദ്ധതികൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പിലാക്കാൻ അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുകയും , സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 'താലോലം', 'കുട്ടികൾക്കുള്ള കാൻസർ സുരക്ഷ' എന്നീ പദ്ധതികൾ 2023-24 സാമ്പത്തിക വർഷം മുതൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയായി നടപ്പാക്കുന്നതിന് തത്വത്തിലുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുഭാഷ് ആർ

അഡീഷണൽ സെക്രട്ടറി

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

സാമൂഹ്യ നീതി വകുപ്പ്, തിരുവനന്തപുരം

ധനകാര്യ വകുപ്പ്, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hari G S
Date: 29-09-2023 14:04:24
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. ആരോഗ്യവും വനിതാ- ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ -ക്ക്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ -ക്ക്